# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/784/2015(3) ചാക്ക, തിരുവനന്തപുരം 7

തീയതി: 28.05.2015

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2015- 2013 ആഗസ്റ്റിൽ അഡ്മിഷനായതും ഒന്നാം സെമസ്റ്റർ, രണ്ടാം സെമസ്റ്റർ പരീക്ഷ എഴുതി പരാജയപ്പെട്ടതുമായ ട്രെയിനികളിൽ നിന്നും പ്രൈവറ്റായി പരീക്ഷ എഴുതി പരാജയപ്പെട്ട ട്രെയിനികളിൽ നിന്നും സപ്ലിമെന്ററി ആയി ഒന്നാം സെമസ്റ്റർ, രണ്ടാം സെമസ്റ്റർ പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐ. കളിൽ ആഗസ്റ്റ് 2013 ൽ എൻ.സി.വി.റ്റി. അഫിലിയേഷൻ നേടിയ അംഗീകൃത ട്രേഡുകളിൽ അഡ്മിഷൻ നേടുകയും ഒന്നാം സെമസ്റ്റർ, രണ്ടാം സെമസ്റ്റർ പരീക്ഷ എഴുതി പരാജയപ്പെടുകയും ചെയ്ത ട്രെയിനികളിൽ നിന്നും പ്രൈവറ്റായി പരീക്ഷ എഴുതി പരാജയപ്പെട്ട ട്രെയിനികളിൽ നിന്നും ഒന്ന്, രണ്ട് സെമസ്റ്ററുകളിലേക്ക് സപ്ലിമെന്ററി ആയി 2015 ജൂലൈ മാസത്തിൽ നടത്തുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

0230-ലേബർ ആൻറ് എംപ്ലോയ്മെൻറ്-00-800-അദർറസീപ്റ്റ്സ്-88-അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ 150/- രൂപ (പ്രൈവറ്റായി പരീക്ഷ എഴുതുന്ന ട്രെയിനികൾക്ക് 1000/- രൂപ) ഒടുക്കിയ അസ്സൽ ചെലാൻ, അപേക്ഷകളുടെ രണ്ട് പകർപ്പ്, എസ്.എസ്.എൽ.സി. യുടെ കോപ്പി, റീ അഡ്മിഷൻ നേടിയ ട്രെയിനി ആണെങ്കിൽ റീ അഡ്മിഷൻ നേടിയ ഉത്തരവിന്റെ പകർപ്പ്, ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) എഴുതുന്ന ട്രെയിനികൾ അവസാനമായി ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതിയ ഹാൾടിക്കറ്റ്, രണ്ടാം സെമസ്റ്റർ (സപ്ലിമെന്ററി) എഴുതുന്ന ട്രെയിനികൾ അവസാനമായി രണ്ടാം സെമസ്റ്റർ പരീക്ഷ എഴുതിയ ഹാൾടിക്കറ്റ് എന്നിവ സഹിതം **10.06.2015** ന് വൈകുന്നേരം 4.00 മണിക്ക് മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.ഇ.റ്റി. നടത്തിവരുന്നത്. ടി ഒ.എം.ആർ ഷീറ്റുകൾ പ്രിൻറ് ചെയ്യുന്നതിനും ടി ഒ.എം.ആർ. ഷീറ്റുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും പരീക്ഷ കഴിഞ്ഞ ശേഷം ടി ഒ.എം.ആർ. ഷീറ്റുകൾ തിരികെ കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചിലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ

ഫീസായി ഈടാക്കി ഡിമാൻറ് ഡ്രാഫ്റ്റ് മുഖേന ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപ് ഡി.ജി.ഇ.റ്റി. യിൽ നൽകണമെന്ന് 13/11/2014 തീയതിയിലെ DGET -19(7)/2014-CD നമ്പർ കത്ത് മുഖേന ഡി.ജി.ഇ.റ്റി. നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം തുക ഫീസായി ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ടി 75/- രൂപ ഓരോ ട്രെയിനിയിൽ നിന്നും ഫീസായി ഡിമാൻറ് ഡ്രാഫ്റ്റ് മുഖേന ശേഖരിക്കേണ്ടി വരുന്നതാണെന്ന് ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട മേൽ നടപടിക്രമങ്ങൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിക്കുന്നതായിരിക്കും. ടി നിർദ്ദേശപ്രകാരം ട്രെയിനികളിൽ നിന്ന് ഫീസ് കൈപ്പറ്റി ട്രെയിനികൾക്ക് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

18/12/2014 തീയതിയിലെ DGET -18011/06/Sem/2014-TTC നമ്പർ കത്ത് പ്രകാരം അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) പരീക്ഷകൾക്ക് മുതൽ നെഗറ്റീവ് മാർക്ക് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതായി ഡി.ജി.ഇ.റ്റി. അറിയിച്ചിട്ടുണ്ട്.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:-
1. ഡി.റ്റി. യുടെ സി.എ.,/എ.ഡി.റ്റി./സ്പെഷ്യൽ ഓഫീസർ (എസ്.റ്റി.ഐ.), എസ്. പി. ഡി. (എസ്.പി.ഐ.യു.),/ ജെ.ഡി.റ്റി./ ജെ.ഡി. (ആർ.ജെ.ഡി, കണ്ണൂർ)
2. ഡി.എസ്.എ., ഡി.ഡി.റ്റി., ഡി.ഡി.പി, എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും, റ്റി.റ്റി.ഒ., എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും, എസ്.എസ്.(ജി), കരുതൽ ഫയൽ (ജി1)
3. വകുപ്പ് വെബ്സൈറ്റിലേയ്ക്ക്

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/784/2015(3)

ചാക്ക, തിരുവനന്തപുരം 7

തീയതി: 28.05.2015

## നിർദ്ദേശങ്ങൾ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2015- 2013 ആഗസ്റ്റിൽ അഡ്മിഷനായതും ഒന്നാം സെമസ്റ്റർ, രണ്ടാം സെമസ്റ്റർ പരീക്ഷ എഴുതി പരാജയപ്പെട്ടതുമായ ട്രെയിനികളിൽ നിന്നും പ്രൈവറ്റായി പരീക്ഷ എഴുതി പരാജയപ്പെട്ട ട്രെയിനികളിൽ നിന്നും സപ്ലിമെന്ററി ആയി ഒന്നാം സെമസ്റ്റർ, രണ്ടാം സെമസ്റ്റർ പരീക്ഷകളിൽ പങ്കെടുക്കുന്നതിന് -ട്രെയിനികൾ അപേക്ഷകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്

2013 ആഗസ്റ്റിൽ എൻ.സി.വി.റ്റി അഫിലിയേഷൻ നേടിയ ട്രേഡുകളിൽ അഡ്മിഷൻ നേടുകയും മുൻ വർഷങ്ങളിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ പരീക്ഷകൾ എഴുതി പരാജയപ്പെട്ട ട്രെയിനികളും പ്രൈവറ്റായി പരീക്ഷ എഴുതി പരാജയപ്പെട്ട ട്രെയിനികളുമാണ് ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി), രണ്ടാംസെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കേണ്ടത്.

ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾ മുൻപ് ഒന്നാം സെമസ്റ്റർ, രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് ഹാജരായ ഹാൾടിക്കറ്റിന്റെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം ഹാൾ ടിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

0230-ലേബർ ആൻറ് എംപ്ലോയ്മെൻറ്-00-800-അദർറസീപ്റ്റ്സ്-88-അദർ ഐറ്റംസ് എന്ന ശിർഷകത്തിൽ 150/- രൂപ (പ്രൈവറ്റായി പരീക്ഷ എഴുതുന്ന ട്രെയിനികൾ 1000/- രൂപ) ഒടുക്കിയ അസ്സൽ ചെലാൻ സഹിതം സഹിതം പൂരിപ്പിച്ച അപേക്ഷ 10.06.2015ന് വൈകുന്നേരം 4.00 മണിക്ക് മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകളുടെ രണ്ട് പകർപ്പുകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. ഒരിക്കൽ അടച്ച ഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുന്നതോ അല്ല. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടിവരുന്ന ട്രെയിനികൾ

100/- രൂപ ജാമ്യ നിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിന് മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപിക്കേണ്ടതും ടെസ്റ്റിന് ശേഷം ബാദ്ധ്യതകൾ ഉണ്ടാക്കിയിട്ടില്ലാത്തപക്ഷം പ്രസ്തുത ജാമ്യതുക തിരികെ നൽകുന്നതുമാണ്. ഒരു വിഷയത്തിനായാലും ആകെ വിഷയങ്ങൾക്കായാലും പരീക്ഷാ ഫീസിനത്തിൽ അടയ്ക്കേണ്ട തുകയിൽ മാറ്റമില്ല. പരീക്ഷാ ഫീസ് ഇനത്തിൽ അടയ്ക്കേണ്ട തുക 100/- രൂപയാണ്.

സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.ഇ.റ്റി. നടത്തിവരുന്നത്. ടി ഒ.എം.ആർ ഷീറ്റുകൾ പ്രിൻറ് ചെയ്യുന്നതിനും ടി ഒ.എം.ആർ. ഷീറ്റുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും പരീക്ഷ കഴിഞ്ഞ ശേഷം ടി ഒ.എം.ആർ. ഷീറ്റുകൾ തിരികെ കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചിലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ ഫീസായി ഈടാക്കി ഡിമാൻറ് ഡ്രാഫ്റ്റ് മുഖേന ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപ് ഡി.ജി.ഇ.റ്റി. യിൽ നൽകണമെന്ന് 13/11/2014 തീയതിയിലെ DGET -19(7)/2014-CD നമ്പർ കത്ത് മുഖേന ഡി.ജി.ഇ.റ്റി. നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം തുക ഫീസായി ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് വേണ്ടി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ടി 75/- രൂപ ഓരോ ട്രെയിനിയിൽ നിന്നും ഫീസായി ശേഖരിക്കേണ്ടി വരുന്നതാണെന്ന് ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

റീഅഡ്മിഷൻ നേടിയ ട്രെയിനികളുടെ അപേക്ഷ സമർപ്പിയ്ക്കുമ്പോൾ റീഅഡ്മിഷൻ നേടിയ ഉത്തരവിന്റെ പകർപ്പ് കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

പരിശീലനം പൂർത്തിയാക്കിയ സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി/ സ്വകാര്യ ഐ.ടി.ഐ. യിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. പരീക്ഷാ കേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല. എൻ.സി.വി.റ്റി. അഫിലിയേറ്റ് ചെയ്ത ട്രേഡിലെ ട്രെയിനികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്. എല്ലാ വിവരങ്ങളും ഉൾപ്പെട്ട പുരിപ്പിച്ച അപേക്ഷ 10.06.2015 ന് വൈകുന്നേരം 4.00 മണിക്ക് മുൻപായി ബന്ധപ്പെട്ട സർക്കാർ /സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കണം. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്നതോ അപൂർണ്ണമായതോ, എസ്.എസ്.എൽ.സി. യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യാത്തതോ,അപേക്ഷകൻെറ ഒപ്പ് ഇല്ലാത്തതോ, ചെലാൻെറ അസ്സൽ പകർപ്പ് ഇല്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പരീക്ഷയുടെ തീയതിയും സമയവും ഡി.ജി.ഇ.റ്റി. അറിയിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട പ്രിൻസിപ്പാൾ മുഖാന്തിരം ട്രെയിനികളെ അറിയിക്കുന്നതായിരിക്കും.

18/12/2014 തീയതിയിലെ DGET -18011/06/Sem/2014-TTC നമ്പർ കത്ത് പ്രകാരം ഫെബ്രുവരി 2015 അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) മുതൽ നെഗറ്റീവ് മാർക്ക് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതായി ഡി.ജി.ഇ.റ്റി. അറിയിച്ചിട്ടുണ്ട്.

**ഏതെങ്കിലും വിഷയത്തിൻെറ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സെൻറായി പരിഗണിച്ച് ഫലപ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കടലാസ്സുകൾ മൂല്യ നിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു. ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷകൾ ഒ.എം.ആർ.മാതൃകയിൽ നടക്കുന്നതിനാൽ റോൾ നമ്പർ അടക്കമുള്ള വിവരങ്ങൾ ഒ.എം.ആർ.ഷീറ്റിൽ തെറ്റായോ അശ്രദ്ധയോടുകൂടിയോ രേഖപ്പെടുത്തിയാൽ പ്രസ്തുത ഒ.എം.ആർ.ഷീറ്റുകൾ മൂല്യനിർണ്ണയം നടത്താൻ സാധിക്കുകയില്ല എന്ന് ഡി.ജി.ഇ.റ്റി അറിയിച്ചിട്ടുണ്ട്. ടി വിവരം ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ എഞ്ചിനീയറിംഗ് ഡ്രായിംഗ് വിഷയത്തിന്റെ ഉത്തരക്കടലാസ്സുകളിൽ റോൾ നമ്പർ തെറ്റിച്ചെഴുതിയാൽ ടി ഉത്തരക്കടലാസ്സുകളും പിന്നീട് മൂല്യനിർണ്ണയം നടത്തുന്നതല്ല.**

വിജ്ഞാപനത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃക പ്രകാരമുള്ള എ4 സൈസിലുള്ള അപേക്ഷാ ഫാറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. അപേക്ഷയുടെ മാതൃക ഉള്ളടക്കം ചെയ്തിട്ടുണ്ട്. നിശ്ചിത മാതൃകയിൽ സമർപ്പിക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ ട്രെയിനികൾക്കും (ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ മുഖാന്തിരം)

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/784/2015 ചാക്ക, തിരുവനന്തപുരം 7

തീയതി:28.05.2015

## നിർദ്ദേശങ്ങൾ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2015- 2013 ആഗസ്റ്റിൽ അഡ്മിഷനായതും ഒന്നാം സെമസ്റ്റർ, രണ്ടാം സെമസ്റ്റർ പരീക്ഷ എഴുതി പരാജയപ്പെട്ടതുമായ ട്രെയിനികളിൽ നിന്നും പ്രൈവറ്റായി പരീക്ഷ എഴുതി പരാജയപ്പെട്ട ട്രെയിനികളിൽ നിന്നും സപ്ലിമെന്ററി ആയി ഒന്നാം സെമസ്റ്റർ, രണ്ടാം സെമസ്റ്റർ പരീക്ഷകളിൽ പങ്കെടുക്കുന്നത്- ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകൾ സംബന്ധിച്ച് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ അറിയിക്കുന്നത്- സംബന്ധിച്ച്

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ മേൽ താഴെ പറയുന്ന നടപടിക്രമങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്

**ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ശുപാർശ ചെയ്യുന്നതിന് മുൻപ് സ്വീകരിക്കേണ്ട നടപടികൾ**

- നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കാവു.
- ടി ട്രെയിനി എൻ.സി.വി.റ്റി. അഫിലിയേഷൻ നേടിയിട്ടുള്ള ട്രേഡിൽ പഠിക്കുന്ന ട്രെയിനിയാണൊയെന്നും ടി ട്രെയിനി അഡ്മിഷൻ ക്ലോസ് ചെയ്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടതാണോയെന്നും ഉറപ്പാക്കേണ്ടതാണ്.
- പ്രൈവറ്റ് ട്രെയിനികളാണ് അപേക്ഷിക്കുന്നതെങ്കിൽ ടി ട്രെയിനികൾ അപേക്ഷിക്കുന്ന സെമസ്റ്ററിൽ റഗുലർ പരീക്ഷ എഴുതി തോറ്റ ട്രെയിനികളാണോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
- അപേക്ഷകളിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ട്രെയിനികൾ പൂരിപ്പിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്.
- ട്രെയിനിയുടെ എസ്.എസ്.എൽ.സി. യുടെ പതിപ്പ്, നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻെറ അസ്സൽ പതിപ്പ്, തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടൊയെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഒന്നാം സെമസ്റ്റർ/ രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് പങ്കെടുത്ത ഹാൾടിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

- സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.ഇ.റ്റി. നടത്തിവരുന്നത്. ടി ഒ.എം.ആർ ഷീറ്റുകൾ പ്രിൻറ് ചെയ്യുന്നതിനും ടി ഒ.എം.ആർ. ഷീറ്റുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും പരീക്ഷ കഴിഞ്ഞ ശേഷം ടി ഒ.എം.ആർ. ഷീറ്റുകൾ തിരികെ കൊണ്ടുപോയി മൂല്യ നിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചിലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ ഫീസായി ഈടാക്കി ഡിമാൻറ് ഡ്രാഫ്റ്റ് മുഖേന ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപ് ഡി.ജി.ഇ.റ്റി. യിൽ നൽകണമെന്ന് 13/11/2014 തീയതിയിലെ DGET -19(7)/2014-C നമ്പർ കത്ത് മുഖേന ഡി.ജി.ഇ.റ്റി. നിർദ്ദേശംനൽകിയിട്ടുണ്ടെന്നും ടി നിർദ്ദേശ പ്രകാരം തുക ഫീസായി ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് വേണ്ടി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സമർപ്പിച്ചിട്ടുണ്ടെന്നും. ആയതിനാൽ സർക്കാർ ഉത്തരവിന് വിധേയമായി ഹാൾ ടിക്കറ്റ് വിതരണത്തിന് മുൻപായി ടി 75/- രൂപ ഓരോ ട്രെയിനിയിൽ നിന്നും ഫീസായി ശേഖരിക്കേണ്ടി വരുന്നതാണെന്നും ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ആയതിനാൽ താഴെ പറയുന്ന മാതൃകയിൽ ഒരു സമ്മതപത്രം ട്രെയിനികളിൽ നിന്ന് അപേക്ഷ സ്വീകരിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

" ഒ.എം.ആർ. ഷീറ്റുകൾ പ്രിൻറ് ചെയ്യുന്നതിനും പരീക്ഷ കഴിഞ്ഞ് മൂല്യനിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചിലവുകൾക്കായി 75/- രൂപ ഫീസ് ഒടുക്കണമെന്ന് ഡി.ജി.ഇ.റ്റി. അറിയിച്ചിട്ടുണ്ടെന്ന വിഷയം എനിക്ക് അറിവുള്ളതാണെന്നും ട്രെയിനിംഗ് ഡയറക്ടർ ആവശ്യപ്പെടുന്നപക്ഷം നിശ്ചിത സമയ പരിധിക്കുള്ളിൽ ടി 75/- രൂപ ഒടുക്കുന്നതാണെന്നും ഞാൻ ഉറപ്പ് നൽകുന്നു."

ട്രെയിനിയുടെ ഒപ്പ്

പേര്

മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും ശരിയാണെന്ന് ഉറപ്പായാൽ അപേക്ഷ സ്വീകരിക്കാവുന്നതും ടി അപേക്ഷ ശുപാർശ ചെയ്യാവുന്നതുമാണ്.

ട്രെയിനികളുടെ അപേക്ഷകൾ ഓൺ ലൈൻ മുഖാന്തിരം 15-6-2015 ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ രേഖപ്പെടുത്തേണ്ടതാണ്. ഓൺ ലൈൻ മുഖാന്തിരം അപേക്ഷകൾ രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗ രേഖകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾ

മാരെ അറിയിക്കുന്നതായിരിക്കും. ട്രെയിനികളുടെ അപേക്ഷകൾ ഓൺ ലൈൻ മുഖാന്തിരം 15.06.2015 ന് വൈകുന്നേരം 4.00 മണിക്ക് മുൻപായി രേഖപ്പെടുത്തേണ്ടതാണ്. **20.07.2015** ന് സെമസ്റ്റർ പരീക്ഷകൾ ആരംഭിക്കുന്നതിനാൽ ഓരോ ദിവസവും ട്രെയിനികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ അതാത് ദിവസം തന്നെ ഓൺ ലൈനായി രേഖപ്പെടുത്തേണ്ടതാണ്.

**എസ്.സി.ഡി.ഡി./എസ്..റ്റി.ഡി.ഡി/സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ട്രെയിനികളിൽ നിന്ന് സ്വീകരിക്കുന്ന അപേക്ഷകളും ഓൺ ലൈൻ മുഖാന്തിരം രേഖപ്പെടുത്തിയതിൻെറ വിവരങ്ങളും നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് കൈമാറുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ**

24/12/2014 തീയതിയിലെ G1/35222/2014 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഐ.ടി.ഐ./ആർ.ഐ.സെൻറർ/ബി.റ്റി.സി./എ.വി.റ്റി.എസ്. തുടങ്ങിയ സ്ഥാപനങ്ങളെ പുതിയതായി സ്വകാര്യ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി. ഐ.ടി.ഐ. കളുടെ നോഡൽ ഐ.ടി.ഐ. കളായി നിശ്ചയിച്ചിട്ടുണ്ട്. ഇതിൻെറ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. സ്വകാര്യ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി. ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർ അവരുടെ നോഡൽ ഐ.ടി.ഐ. യായി നിശ്ചയിച്ചിട്ടുള്ള സർക്കാർ സ്ഥാപനങ്ങളിൽ താഴെ പറയുന്ന രേഖകൾ **18.06.2015** വൈകുന്നേരം 4.00 മണിക്ക് മുൻപായി കൈമാറേണ്ടതാണ്.

- ട്രെയിനികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷയുടെ രണ്ട് പകർപ്പുകൾ ശുപാർശ ചെയ്ത് കൈമാറേണ്ടതാണ്.
- അപേക്ഷയോടൊപ്പം ട്രെയിനിയുടെ എസ്.എസ്.എൽ.സി. യുടെ പകർപ്പ്, അസ്സൽ ചെലാൻ തുടങ്ങിയവ കൈമാറേണ്ടതാണ്.
- ഓരോ ട്രേഡിലും അഡ്മിഷൻ ക്ലോസ്സ് ചെയ്തതിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- ട്രെയിനികളുടെ അപേക്ഷകൾ ഓൺ ലൈനായി രേഖപ്പെടുത്തിയ ശേഷം ട്രേഡ് പ്രകാരം ലഭിക്കുന്ന Print Out ൻെറ കോപ്പി

കൈമാറുന്ന ട്രെയിനികളുടെ വിവരം ഒരോ ട്രേഡ് പ്രകാരം താഴെ പറയുന്ന മാതൃകയിൽ പട്ടികയായി കൈമാറേണ്ടതാണ്

**അനുബന്ധം 1**

ഐ.ടി.ഐ. യുടെ പേര്: സെമസ്റ്റർ: നാല്

| ക്രമ നമ്പർ | ട്രെയിനിയുടെ പേര് | ട്രേഡ് | ചെലാൻ നമ്പർ | തുക |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിൻെറ ഒപ്പ്

പേര്

## നോഡൽ സ്ഥാപനങ്ങളുടെ പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ

നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ അവരുടെ അധികാര പരിധിയിൽ വരുന്ന സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റിഡി.ഡി./സ്വകാര്യ ഐ.ടി.ഐ.കളിൽ നിന്നും കൊണ്ടുവരുന്ന അപേക്ഷകൾ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശ പ്രകാരം പരിശോധിച്ച ശേഷം കൈപ്പറ്റേണ്ടതാണ്.

- ട്രെയിനികളുടെ അപേക്ഷകൾ ഓൺ ലൈനായി രേഖപ്പെടുത്തിയ ശേഷം ട്രേഡ് പ്രകാരം പ്രിൻറ് ചെയ്ത് ലഭിക്കുന്ന ലിസ്റ്റ് പ്രകാരം അപേക്ഷകൾ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പാക്കണം.
- ടി അപേക്ഷയോടൊപ്പം കൈമാറുന്ന അഡ്മിഷൻ ക്ലോസ്സിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട ട്രെയിനികളുടെ അപേക്ഷകളാണോ സമർപ്പിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കണം.
- ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷ എഴുതുന്ന ട്രെയിനി ആണെങ്കിൽ തൊട്ടു മുമ്പ് ഒന്നാം സെമസ്റ്റർ പരീക്ഷയുടെയും രണ്ടാം സെമസ്റ്റർ (സപ്ലിമെന്ററി)പരീക്ഷ എഴുതുന്ന ട്രെയിനി ആണെങ്കിൽ തൊട്ടു മുമ്പ് രണ്ടാം സെമസ്റ്റർ പരീക്ഷയുടെയും ഹാൾടിക്കറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കണം.
- അനുബന്ധം 1 പ്രകാരമുള്ള വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പാക്കണം.
- ട്രെയിനികളുടെ അപേക്ഷയുടെ രണ്ട് പകർപ്പിനോടൊപ്പം എസ്.എസ്.എൽ.സി. യുടെ പകർപ്പ്, റീഅഡ്മിഷൻ നേടിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ്, അസ്സൽ ചെലാൻ, തുടങ്ങിയ രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കണം.

നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തങ്ങളുടെ സ്ഥാപനത്തിലെയും അപേക്ഷകൾ ടി മാതൃകയിൽ തയ്യാറാക്കേണ്ടതാണ്.

ഇപ്രകാരം കൈപ്പറ്റുന്ന അപേക്ഷകൾ ഭദ്രമായി സൂക്ഷിക്കേണ്ടതും അനുബന്ധം 1 പ്രകാരം ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ നിന്ന് കൈപ്പറ്റുന്ന ഫോർമാറ്റിൽ താഴെ പറയുന്ന മാതൃകയിൽ സർട്ടിഫിക്കേറ്റ് രേഖപ്പെടുത്തി നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ചാക്ക ഐ.ടി.ഐ കാമ്പസിൽ പ്രവർത്തിക്കുന്ന പരീക്ഷാസെക്ഷനിൽ പ്രത്യേക ദൂതൻ മുഖാന്തിരം 22.06.2015 ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി എത്തിക്കേണ്ടതാണ്.

## പരിശോധനാ സർട്ടിഫിക്കേറ്റ്

"മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുള്ള നിർദ്ദേശപ്രകാരം സൂക്ഷ്മമായി പരിശോധിക്കുകയും എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ട്രെയിനികളെ ഒന്നാം സെമസ്റ്റർ(സപ്ലിമെന്ററി)/രണ്ടാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അനുമതി നൽകാമെന്ന് ശുപാർശ ചെയ്യുന്നു."

നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന്റെ ഒപ്പ്

പേര്

(ഓഫീസ് മുദ്ര) ഔദ്യോഗിക മേൽവിലാസം

തീയതി:

സ്ഥലം:

ടി വിവരങ്ങൾ ലഭിച്ചാൽ മാത്രമേ ട്രെയിനികൾക്ക് ഹാൾ ടിക്കറ്റ് അനുവദിക്കുവാൻ സാധിക്കുകയുള്ളു. ഏതെങ്കിലും ട്രെയിനിയ്ക്ക് ടി വിവരങ്ങൾ ലഭിക്കാത്ത കാരണത്താൽ ഹാൾ ടിക്കറ്റ് അനുവദിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

**എല്ലാ സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്കും, എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും, ബി.റ്റി.സി./എ.വി.റ്റി.എസ്. പ്രിൻസിപ്പാൾമാർക്കും**

**എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും ( ടി നടപടിക്രമങ്ങൾ സമയബന്ധിതമായും മാർഗ്ഗ നിർദ്ദേശ പ്രകാരവും നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്, ഇതിൽ വീഴ്ച വരുന്നപക്ഷം വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും)**

## APPLICATION FOR THE ALL INDIA TRADE TEST (1ST SEMESTER - SUPPLEMENTARY) HELD IN JULY 2015

(Attach attested copy of SSLC, All enteries are in Block Letters only)

1 Name of Govt./Pvt.ITI where the trainee has undergone training :

2 Trade :

3 Name of Applicant :

4 Full Address :

5 Name of Father / Guardian :

6 Date of Birth :

7 Category (To be indicated with Tick Mark) :

| Gen | SC | ST | OBC |
|---|---|---|---|
| | | | |

Affix Photograph attested by Principal

8 Male / Female (To be indicated with Tick Mark) : M F

9 Period of Taining (If re-admited mention period of re-admission and the order must be attached) : From February/August ..................
To January/July ..........................

10 Month & year of first appearance :

11 Roll No. and Year of the Trade Test last appeared (1st Semester) :

12 Total number of chances availed including First appearance :

13 Subject / Subjects for which the Candidate desired to appear

1

2

3

4

14 Details of subjects passed in the previous Trade Test :-

| Sl. No | Subject | Roll No | Month | Year | Marks obtained in written test (Excluding sessional) | Sessional Marks of passed subjects |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

15 Details of Failed subjects : -

| Sl. No | Subject | Roll No | Month &Year | Sessional Marks of each failed subjects |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |

## DECLARATION

I do here by declare that the information furnished above are true to the best of my knowledge and belief. I agree to attend the trade test at the Centre allotted by the Director of Training. And also aware that I should secure 80% of attendance to appearing the Trade Test.

Date :

Name and Signature of the Applicant

## VERIFICATION REPORT OF THE PRINCIPAL

| | | | |
|---|---|---|---|
| (i) | Details of remittance of fees (In the case of Pvt.ITI Chalan in original to be Attached with the application) | Chalan No & Date :<br>Name of Treasury :<br>Amount : | |
| (ii) | Unit wise Affiliation Order No. of DGET with date | : | |
| (iii) | Total affiliated unit in the Trade | : | |
| (iv) | Admission No. with date, period of Training (if re-admission mentioned the details ) | : | |
| (v) | Total number of trainees admitted in the Trade as per admission closing list | : | |
| (vi) | Serial number of the applicant in the Admission closing list | : | |

I hereby certify that, the details furnished by the candidate are correct as per office records. I declare that the candidate has acquired the required training from affiliated trade / unit and his admission has been closed. I also here by certifiy that the Candidate has attended the 1$^{st}$ semester trade test held in February 2015 and his/ her

Roll No is ...................

The Character of the Trainee is ..........................

Place:

Signature of the Principal

Date:

(Office Seal)

NB :- The details in Column 1 to 15 of the trainee should be verified by the principal of Govt. /Pvt. ITI and then carefully fill the above column's (i) to (vi). Without the above details the application will be rejected without notice.

## CERTIFICATE

I recommend Shri/ Kumari....................................................... to appear 1$^{st}$ Semester( Supplementary) examination in AITT July 2015.

(Office Seal)

Name & Signature of Nodal ITI Principal

## APPLICATION FOR THE ALL INDIA TRADE TEST (2nd SEMESTER - SUPPLEMENTARY) HELD IN JULY 2015

(Attach attested copy of SSLC, All enteries are in Block Letters only)

1 Name of Govt./Pvt.ITI where the trainee has undergone training :

2 Trade :

3 Name of Applicant :

4 Full Address :

5 Name of Father / Guardian :

6 Date of Birth :

7 Category (To be indicated with Tick Mark) :

| Gen | SC | ST | OBC |
|---|---|---|---|
| | | | |

Affix Photograph attested by Principal

8 Male / Female (To be indicated with Tick Mark) : M F

9 Period of Taining (If re-admited mention period of re-admission and the order must be attached) : From February/August .................
To January/July ........................

10 Month & year of first appearance :

11 Roll No. and Year of the Trade Test last appeared (2nd Semester) :

12 Total number of chances availed including First appearance :

13 Subject / Subjects for which the Candidate desired to appear

1

2

3

4

<u>**VERIFICATION REPORT OF THE PRINCIPAL**</u>

| | | | |
|---|---|---|---|
| (i) | Details of remittance of fees<br>(In the case of Pvt.ITI Chalan in original to be Attached with the application) | Chalan No & Date :<br>Name of Treasury :<br>Amount : | |
| (ii) | Unit wise Affiliation Order No. of DGET with date | : | |
| (iii) | Total affiliated unit in the Trade | : | |
| (iv) | Admission No. with date, period of Training (if re-admission mentioned the details ) | : | |
| (v) | Total number of trainees admitted in the Trade as per admission closing list | : | |
| (vi) | Serial number of the applicant in the Admission closing list | : | |

I hereby certify that, the details furnished by the candidate are correct as per office records. I declare that the candidate has acquired the required training from affiliated trade / unit and his admission has been closed. I also here by certifiy that the Candidate has attended the 2nd semester trade test held in February 2015 and his/ her

Roll No is ………………..

The Character of the Trainee is ……………………..

Place: Signature of the Principal

Date:

(Office Seal)

NB :- The details in Column 1 to 15 of the trainee should be verified by the principal of Govt. /Pvt. ITI and then carefully fill the above column's (i) to (vi). Without the above details the application will be rejected without notice.

<u>**CERTIFICATE**</u>

I recommend Shri/ Kumari…………………………………………………… to appear 2nd Semester( Supplementary) examination in AITT July 2015.

(Office Seal)

Name & Signature of Nodal ITI Principal